കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൾട്ടിപർപ്പസ് – കൾച്ചറൽ കോംപ്ലക്സ് – വൈലോപ്പിള്ളി സംസ്കൃതി ഭവൻ

# ഓഡിറ്റ് റിപ്പോർട്ട് **2016-17**

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
e-mail:lfadtvm@yahoo.in

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.I/311/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: 15.02.2018

Phone No: 0471-2331231
Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ.

മെമ്പർ സെക്രട്ടറി,
വൈലോപ്പിള്ളി സംസ്കൃതി ഭവൻ.

സർ,

വിഷയം : മൾട്ടി പർപ്പസ് - കൾച്ചറൽ കോംപ്ലക്സ് - വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2016–17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

മൾട്ടി പർപ്പസ് - കൾച്ചറൽ കോംപ്ലക്സ് - വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2016–17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്/-
ജോയിന്റ് ഡയറക്ടർ.

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.I/311/17 തീയതി: 15.02.2018

മൾട്ടിപർപ്പസ് – കൾച്ചറൽ കോംപ്ലക്സ് – വൈലോപ്പിള്ളി സംസ്കൃതി ഭവൻ –
2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്
1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 5 പ്രകാരം പുറപ്പെടുവിക്കുന്നത്
******************************************

ഓഡിറ്റ് നിവഹിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് : ശ്രീ. വി.എം. മോഹനൻ പിള്ള, ജോയിന്റ് ഡയറക്ടർ.

ഓഡിറ്റ് നിർവഹിച്ച ഉദ്യോഗസ്ഥർ : 1) ശ്രീമതി സിന്ധു.പി.എസ്, ഓഡിറ്റ് ഓഫീസർ

2) ശ്രീമതി സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

3) ശ്രീമതി അനുലക്ഷമി.വി, ഓഡിറ്റർ

ഓഡിറ്റ് തീയതി : 22.01.2018 മുതൽ 25.01.2018 വരെ

<u>നിർവഹണ അധികാരികൾ</u>

മെമ്പർ സെക്രട്ടറി : ശ്രീ. ബാലു കിരിയത്ത് (01.04.2016 മുതൽ 15.11.2016 വരെ)

ശ്രീമതി.എം.ആർ.ജയഗീത (16.11.2016 മുതൽ 31.03.2017വരെ)

# ഭാഗം 1
## പൊതു അവലോകനം

## 1-1 ആമുഖം

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തേയും അംഗീകാരത്തോടും കൂടി ആരംഭിച്ച വൈലോപ്പിള്ള സംസ്കൃതി ഭവൻ എന്ന സ്ഥാപനം തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം 12.01.1998-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. ഭാരതത്തിന്റെ സാംസ്കാരിക ഉണർവ്വിനെ പരിപോഷിപ്പിക്കുകയും വരും തലമുറകൾക്കായി സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. പരമ്പരാഗത കലകളിൽ പരിശീലനം നേടുന്നവരെ പ്രോത്സാഹിപ്പിക്കുക, സാംസ്കാരിക രംഗത്തെ വിവധ സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, അന്തർ സംസ്ഥാന സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുക, സാംസ്കാരിക പരിപാടികൾക്ക് വേദി ഒരുക്കുക എന്നിവയെല്ലാം സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു.

കലാകാരന്മാരെയും കലാരൂപങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന്റെയും വ്യത്യസ്തങ്ങളായ കലാരൂപങ്ങൾ ആസ്വദിക്കാൻ ജനങ്ങൾക്ക് അവസരമൊരുക്കുന്നതിന്റെയും ഭാഗമായി പ്രതിവാര, പ്രതിമാസ പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. നഗരങ്ങളിലും പ്രാന്തപ്രദേശങ്ങളി ലുമുള്ള മുതിർന്ന പൗരന്മാർക്ക് പരസ്പരം സൗഹൃദം പങ്കുവെയ്ക്കുവാനും തന്മൂലം അവരുടെ മാനസികമായ ഉന്നമനവും ലക്ഷ്യമിട്ട് ഉണർവ് പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഭാഷ, സംഗീതം സാഹിത്യം, നാടകം, സിനിമ, ചിത്രകല തുടങ്ങി വിവിധ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾക്ക് അവധിക്കാല ക്യാമ്പും നടത്തിവരുന്നു.

## ആഭ്യന്തര നിയന്ത്രണം

ഏറ്റെടുക്കുന്ന പ്രവൃത്തികൾ മെച്ചപ്പെട്ട രീതിയിൽ സ്ഥാപനം നിർവ്വഹിച്ചുവരുന്നുണ്ട്. എന്നാൽ അവയുടെ ചെലവുരേഖകൾ സൂക്ഷിക്കുന്നതിലും മുൻകൂറുകൾ ക്രമീകരിക്കുന്നതിലും വീഴ്ച സംഭവിക്കുന്നുണ്ട്. ഒരു പരിപാടിയെ സംബന്ധിക്കുന്ന വൗച്ചറുകളെല്ലാം ഒരേ ഫയലിലല്ല സൂക്ഷിച്ചു പോരുന്നത്. മുൻകൂറായി നൽകുന്ന തുകകൾ ക്രമീകരിച്ചതായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പ്രസ്തുത തുക ട്രഷറിയിലോ ബാങ്കിലോ ഒടുക്കു വരുത്താതെ ദൈനംദിന ചെലവുകൾക്കുപയോഗിക്കുന്ന പ്രവണതയാണ് നിലവിലുള്ളത്.

രസീതു മുഖേന ദിവസേനയുള്ള വരവുതുകകൾ അതാത് ദിവസം തന്നെ ഒടുക്കു വരുത്തുന്നില്ല. ആഴ്ചകളോളം കയ്യിൽ സൂക്ഷിച്ച ശേഷമാണ് അവ ഒടുക്കുന്നത്. ഓരോ സാമ്പത്തിക വർഷാവസാനവും ഉപയോഗത്തിലുള്ള രസീതു ബുക്കുകൾ ക്യാൻസൽ ചെയ്യാതെ തുടർവർഷങ്ങളിലും ആയവ തന്നെ ഉപയോഗിക്കുന്നതായാണ് കാണുന്നത്. ഒരേ സമയം ഒന്നിൽ കൂടുതൽ രസീതു ബുക്കുകൾ ഉപയോഗിക്കുന്നതായും കാണുന്നു. ഭാവിയിൽ ഈ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## മാമ്പഴക്കാലം പരിപാടി - അനാവശ്യച്ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

മാമ്പഴക്കാലം എന്ന പേരിൽ കുട്ടികൾക്കായുള്ള അവധിക്കാല ക്യാമ്പ് തിരുവനന്തപുരം, കണ്ണൂർ, ഓച്ചിറ, കോഴിക്കോട് എന്നിവിടങ്ങളിൽ വർഷം തോറും സംഘടിപ്പിച്ചുവരുന്നു. പരിപാടിയുടെ ഫയലുകൾ പരിശോധിച്ചതിൽ ഓരോ സ്ഥലത്തും പങ്കെടുത്ത് കുട്ടികളുടെ എണ്ണത്തിനെക്കാൾ കൂടുതൽ സ്റ്റേഷനറി, സാക്ഷ്യപത്രം എന്നിങ്ങനെയുള്ള സാധനങ്ങൾ വാങ്ങിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത സാധനങ്ങളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിലും ലഭ്യമല്ല.

കണ്ണൂരിലെ ക്യാമ്പ് കേരള ഫോക് ലോർ അക്കാദമി മുഖേനയാണ് സംഘടിപ്പിക്കപ്പെട്ടത്. ഇതിനായി ഒരു ലക്ഷം രൂപ ഫോക് ലോർ അക്കാദമിക്ക് കൈമാറുക മാത്രമാണ് സ്ഥാപനം ചെയ്തത്. ഫയൽ പരിശോധിച്ചതിൽ അക്കാദമിയിലെ ഉദ്യോഗസ്ഥരുടെ യാത്രാച്ചെലവ്, കൂലി എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചുകാണുന്നത്. വാച്ച്മാന് പുറമേ കുട്ടികൾക്ക് സംരക്ഷണം നൽകാൻ എന്ന ഇനത്തിലും കൂലി നൽകിക്കാണുന്നു. പരിപാടിയുടെ ക്രിയാത്മക നടത്തിപ്പിനുവേണ്ടി മാത്രം ഗ്രാന്റ് തുക വിനിയോഗിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## താല്ക്കാലിക നിയമനം സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

വൈലോപ്പിള്ള സംസ്കൃതി ഭവനിലെ സ്ഥിരം ജീവനക്കാരെല്ലാപേരും താല്ക്കാലികമായി നിയമനം ലഭിച്ചശേഷം സ്ഥിരപ്പെട്ടവരാണ്. നിലവിൽ 5 പേർ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്നു. ടിയാളുകളുടെ കരാർ കാലാവധി 27.08.2017-ന് അവസാനിച്ചിട്ടുണ്ട്. എന്നാൽ, 25.08.2017-ലെ ഭരണസമിതി തീരുമാന പ്രകാരം പുതിയ ഉദ്യോഗാർത്ഥികളെ ചുമതലപ്പെടുത്തുന്നതുവരെ നിലവിലെ ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാകണം എന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തേക്ക് 65 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 18.02.2016ൽ കൂടിയ ഭരണസമിതിയുടെ യോഗത്തിൽ ഇനം നം.2(എ) തീരുമാനപ്രകാരം പ്രതീക്ഷിത വരവ് പ്ലാൻ ഫണ്ടുൾപ്പെടെ 84 ലക്ഷം രൂപയായി അംഗീകരിച്ചു. പദ്ധതിയേതര ചെലവുകൾക്കായി 2725000/- രൂപയും പദ്ധതി ചെലവുകൾക്കായി 5675000/-രൂപയും വകയിരിത്തിയിട്ടുണ്ട്. 17 പരിപാടികളും 8 ആസ്തി വിപുലീകരണ പദ്ധതികളും നടപ്പിലാക്കുവാൻ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1) വകുപ്പ് പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ 15.12.2017ലെ എം.പി.സി.സി.എസ്/748/അക്കൗണ്ടസ്-1/2017-18-ാം നമ്പർ കത്തിലൂടെയാണ് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള തീയതി കഴിഞ്ഞ് 5 മാസത്തിലധികം കാലതാമസം വരുത്തിയാണ് ധനകാര്യപത്രിക ലഭ്യമാക്കിയിട്ടുള്ളത്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 9(1), 10 എന്നിവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ട ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥിരം ജീവനക്കാർ പ്രോവിഡന്റ് ഫണ്ട് അംഗത്വം എടുത്തിട്ടില്ല

വൈലോപ്പിള്ളി സംസ്കൃതിഭവനിൽ 8 സ്ഥിര ജീവനക്കാരാണുള്ളത്. ജീവനക്കാരുടെ ശമ്പള വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാരാരും തന്നെ പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം എടുത്തിട്ടില്ല എന്നും 2013 ഏപ്രിലിന് ശേഷം സർവ്വീസിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടില്ല എന്നും അറിയാൻ സാധിച്ചു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫയൽ സർക്കാരിന്റെ പരിഗണനയിലാണ് എന്ന മറുപടിയാണ് ലഭിച്ചത്. ജീവനക്കാർ പ്രോവിഡന്റ് ഫണ്ട്, പങ്കാളിത്ത പെൻഷൻ എന്നിവയിൽ അംഗത്വം എടുക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തേ ണ്ടതാണ്. ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | സ്ഥിര നിയമന ഉത്തരവ് |
|---|---|---|---|
| 1 | ശ്രീമതി ആനി ജോൺസൺ | പ്രോഗ്രാം അസിസ്റ്റന്റ് | സ.ഉ.(കൈ).നം.29/2010/ സി.എ.ഡി. തീയതി 10.8.2010 |
| 2 | ശ്രീ.ജിജി.ബി | കമ്പ്യൂട്ടർ ഓപ്പറേറ്റർ കം ഓഫീസ് അസിസ്റ്റന്റ് | ” |

| | | | |
|---|---|---|---|
| 3 | ശ്രീ.ഷാജി എസ്. | ഓഫീസ് അറ്റൻഡന്റ് | ” |
| 4 | ശ്രീ.വേണുഗോപാലൻ.എസ്. | അക്കൗണ്ടന്റ് | സ.ഉ.(കൈ).നം.22/15/ സി.എ.ഡി. തീയതി 26.6.2015 |
| 5 | ശ്രീ.സുനിൽകുമാർ.റ്റി. | ഗാർഡനർ | ” |
| 6 | ശ്രീ.സന്തോഷ് കുമാർ.കെ. | ഗാർഡനർ | ” |
| 7 | ശ്രീ. രാധാകൃഷ്ണൻ നായർ | ഗാർഡനർ | ” |
| 8 | ശ്രീ. ജയകുമാർ. ബി | ഓഫീസ് അറ്റൻഡന്റ് | ” |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പരിപാടികളുടെ നടത്തിപ്പ്- അഡ്വാൻസ് തുക ക്രമീകരിക്കുന്നതിലെ അപാകത

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സ്ഥലങ്ങളിൽ നടത്തുന്ന കലാസാഹിത്യ പരിപാടികളുടെ നടത്തിപ്പിനായി അഡ്വാൻസ് തുക നൽകുന്നത് ക്രമീകരിക്കുന്നതിൽ അപാകതകൾ കാണുന്നു. പരിപാടി നടത്തുന്നതിന്റെ ഏകദേശ ചെലവ് മുൻകൂട്ടി കണക്കാക്കി ആവശ്യമായ തുക ബാങ്കിൽ നിന്നും പിൻവലിച്ച് കൈവശം വയ്ക്കുകയും ചെലവാക്കാതെ ബാക്കി വരുന്നതുക ചെലവ് തീയതി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം മാത്രം റീഫണ്ട് ചെയ്യുകയും ചെയ്യുന്ന രീതി തുടർന്നു വരുന്നു. സ്ഥാപനത്തിലെ ജീവനക്കാർ തന്നെയാണ് തുക പിൻവലിച്ച് കൈവശം വയ്ക്കുന്നതും ചെലവ് ചെയ്യുന്നതും എന്നതിനാൽ പരിപാടി കഴിഞ്ഞ് ദിവസങ്ങൾക്കുള്ളിൽ തന്നെ ചെലവ് കണക്കുകൾ/വൗച്ചറുകൾ തയ്യാറാക്കി മുൻകൂർ അഡ്ജസ്റ്റ് ചെയ്യുകയും ബാക്കി തുക റീഫണ്ട് ചെയ്യുകയും ചെയ്യുന്നതിന് തടസ്സങ്ങളൊന്നുമില്ല. കൂടാതെ റീഫണ്ട് ചെയ്യുന്ന തുക ട്രഷറിയിൽ അടവു വരുത്താതെ cash in hand ആയി സൂക്ഷിക്കുകയും സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾക്കായി ഉപയോഗി ക്കുകയും ചെയ്യുന്ന കീഴ് വഴക്കമാണ് തുടരുന്നത്. ഇതിന്റെ ഫലമായി കൈവശം സൂക്ഷിക്കുന്ന പണത്തിന്റെ അളവ് ആവശ്യത്തേക്കാൾ വളരെയധികം കൂടുന്നു. ഇത് സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

വിവിധ പരിപാടികൾക്ക് അഡ്വാൻസ് നൽകിയതിന്റേയും തുക ക്രമീകരിച്ച തിരിച്ചടച്ചതിന്റേയും വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പരിപാടി | അഡ്വാൻസ് നൽകിയ തീയതി, തുക | റീഫണ്ട് തുക | അടച്ചതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| 1 | കഥാവേള, ആലുവ | 29.10.2016 30000/- | 4090/- | ക്യാഷ് ബുക്കിൽ കാഷ് ആയി വരവ് വച്ചു. |

| | | | | |
|---|---|---|---|---|
| 2 | കഥാവേള, വയനാട് | 26.05.2016 20000/- | 1375/- | " |
| 3 | കഥാവേള, കാസർഗോഡ് | 23.03.2016, 15000/-<br>31.03.2016, 30000/- | 5021/- | " |
| 4 | കഥാവേള, തൃശ്ശൂർ | 19.04.2016, 10000/-<br>05.05.2016, 25000/- | 10428/- | " |

ഇപ്രകാരം ജീവനക്കാർ ആവശ്യത്തിലധികം തുക നേരത്തേ പിൻവലിച്ച് കൈവശം വയ്ക്കുകയും പരിപാടിയ്ക്ക് ശേഷം ഉടൻതന്നെ തുക ക്രമീകരിച്ച് ബാക്കി അക്കൗണ്ടിൽ തിരിച്ചടയ്ക്കാതിരിക്കുകയും ചെയ്യുന്നത് കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾക്ക് എതിരാണ് (KFC article 40-44) ജി.ഒ.(പി.)419/11/ഫിൻ/4.10.2011. മുൻ റിപ്പോർട്ടുകളിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടും അധികൃതരുടെ ഭാഗത്തു നിന്നുള്ള ഇക്കാര്യത്തിലെ അനാസ്ഥ ഗൗരവമായി കാണുന്നു.

മൂന്നു മാസത്തിലധികം കാലവിളംബം ഉണ്ടാകുന്ന കേസിൽ നിയമാനുസൃത പലിശയായ 18% കൂടി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-2 ചിലങ്ക നൃത്തോത്സവം-ബഡ്ജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചു

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ചിലങ്ക നൃത്തോത്സവം-2017 | 350000 | 358873 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചതിന് കാരണം പരിപാടിക്ക് പ്രതീക്ഷിച്ച കലാകാരൻമാരെ ലഭിക്കാതെ വന്നതിനാൽ പ്രശസ്തരായ കേരളത്തിന് പുറത്ത് നിന്നുള്ള കലാകാരൻമാരെ ഉൾപ്പെടുത്തിയതിനാലും കൂടാതെ എല്ലാ പരിപാടികൾക്കും വളരെ ചെലവ് ചുരുക്കിയ ബഡ്ജറ്റ് തയ്യാറാക്കുന്നതിനാൽ തുകയിൽ വർദ്ധനവ് പ്രതീക്ഷിക്കാമെന്നും യഥാർത്ഥ ചെലവ് പത്രിക ഭരണസമിതി അംഗീകരിക്കാറുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക പദ്ധതിക്കായി ചെലവഴിക്കേണ്ട സാഹചര്യത്തിൽ പുതുക്കിയ ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സാമ്പത്തിക നില

| | | |
|---|---|---|
| മുന്നിരിപ്പ് | : | 2027484.40 |
| വരവ് | : | 9113786.00 |
| ആകെ | : | 1141270.00 |
| സസ്പെൻസ് തുക | : | 10326.00 |
| നീക്കിയിരിപ്പ് | : | 1946719.90 |

പൊരുത്തപ്പെടുത്തൽ - ബാങ്ക് 1(അക്കൗണ്ട് നം 57027182136)

ബാങ്ക് നീക്കിയിരിപ്പ് = 935815.30

ക്യാഷ്ബുക്ക് പ്രകാരം

(+) പണമാകാത്ത ചെക്കു തുകകൾ:

195000+38800+58300+6421+27440+7938 = 333899.00

(+) തെറ്റായി പാസ്ബുക്കിൽ വരവ് വെച്ച തുക :73 = 73.00

(-) ബാങ്ക് ചാർജ്ജ് = 632.00

1269155.30

പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് = 1269155.30

പൊരുത്തപ്പെടുത്തൽ - ട്രഷറി

ക്യാഷ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് = 967686.00

(-) പണമാക്കി കിട്ടാത്ത ചെക്കു തുകകൾ

2500+300+1000 = 3800.00

= 963886.00

പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് = 963886.00

പൊരുത്തപ്പെടുത്തൽ - ബാങ്ക് 2 (അക്കൗണ്ട് നം 67368707253)

ബാങ്ക് നീക്കിയിരിപ്പ് = 5000.00

ക്യാഷ്ബുക്ക് പ്രകാരം

(-) ബാങ്ക് ചാർജ്ജ് : 632.50+625.60 = 1258.10

3741.90

പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് = 3741.90

നീക്കിയിരിപ്പിന്റെ വിശദാംശം

കയ്യിരിപ്പ് പണം : 29783.00

എസ്.ബി.ഐ ബാങ്ക് 1 : 935183.30

എസ്.ബി.ഐ ബാങ്ക് 2 : 3741.90

ട്രഷറി : 967686.00

സസ്പെൻസ് തുക : 10326.00

1946719.90

ഓഡിറ്റ് ചാർജ്

ആകെ വരവ് : 9113786.00

(-) കുറയ്ക്കുക

| | | | |
|---|---|---|---|
| ക്വാഷൻ ഡെപ്പോസിറ്റ് | : | 233045.00 | |
| ഡീസൽ ചാർജ് | : | 34078.00 | |
| റ്റി.ഡി.എസ് | : | 35073.00 | |
| ഇലക്ട്രിസിറ്റി ചാർജ് | : | 60302.00 | |
| ബാറ്റ | : | 29500.00 | |
| സർവ്വീസ് ടാക്സ് | : | 181108.00 | |
| ആഡംബര നികുതി | : | 118545.00 | |
| ക്ലീനിംഗ് ചാർജ് | : | 69600.00 | |
| ഡീസൽ ചാർജ് | : | 60984.00 | |
| മുദ്ര ഫെസ്റ്റ് അഡ്വാൻസ് | : | 25000.00 | |
| വാറ്റ് | : | 1594.00 | |
| തിരക്കഥാ ക്യാമ്പ് അഡ്വാൻസ് | : | 38684.00 | |
| ഇ.എം.ഡി | : | 300.00 | |
| വാട്ടർ ചാർജ് | : | 75977.00 | |
| താളമഹോത്സവം അഡ്വൻസ് | : | 40351.00 | |
| ഗ്രാന്റ് (പ്ലാൻ) | : | 6500000.00 | |
| ഓണം അഡ്വാൻസ് | : | 75000.00 | |
| ശമ്പളത്തിൽ നിന്നുള്ള കുറയ്ക്കലുകൾ | : | 88880.00 | |
| കഥാവേള അഡ്വാൻസ് | : | 20000.00 | |
| കഥാവേള (കാസർഗോഡ്) | : | 5021.00 | = 7693042.00 |
| ഓഡിറ്റ് ചാർജ് കണക്കാക്കാനെ- | : | 1420744.00 | |

ടുക്കാവുന്ന വരവ്

1 % ഓഡിറ്റ് ചാർജ് : 14207.00

ഓഡിറ്റ് ചാർജിനത്തിൽ അടയ്ക്കേണ്ട തുക, 0070-60-110-99 ഓഡിറ്റ് ചാർജ് എന്ന ശീർഷകത്തിൽ ഒടുക്കു വരുത്തി ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2016-17 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ എല്ലാ വിവരങ്ങളും യഥാസമയം ലഭ്യമാക്കുകയും അതിൽ നിന്നുള്ള നിരിക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരീക്ഷണങ്ങളുടെയും അതിന്മേൽ ലഭിച്ച വിശദീകരണങ്ങളുടെയും സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിന് സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം അതിന്റെ എല്ലാ നിബന്ധനകൾക്കും അനുസൃതമായി വിനിയോഗിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

| ക്രമ നം. | ധനസഹായം അനുവദിച്ച ഉത്തരവ് നമ്പർ | വർഷം | തുക | കാറ്റഗറി | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| 1 | ജി.ഒ.(സാധാ)നം223/16/ സാം.ക.വ./4.7.2016 | 2016-17 | 2000000 | പ്ലാൻ ഫണ്ട് | - |
| 2 | ജി.ഒ.(സാധാ)നം399/16/ സാം.ക.വ./26.11.2016 | 2016-17 | 2250000 | പ്ലാൻ ഫണ്ട് | - |
| 3 | ജി.ഒ.(സാധാ)നം186/17/ | 2016-17 | 2250000 | പ്ലാൻ ഫണ്ട് | - |

| | | | | | |
|---|---|---|---|---|---|
| | സാം.ക.വ./20.03.2017 | | | | |

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം - 2

## വരവ് ചെലവ് പത്രിക

RECEIPTS AND PAYMENTS ACCOUNTS FOR THE YEAR

ENDED 31.03.2017

| RECEIPTS | Amount | PAYMENTS | Amount |
|---|---|---|---|
| Opening Balance<br>Cash in Hand<br>Cash at Treasury<br>Cash at Bank<br>Suspense Account | <br>58609.00<br>1029323.00<br>939552.40<br>10326.00 | Salaries and wages | 3733259.00 |
| Rent received | 1154037.00 | Printing and stationary | 133492.00 |
| Caution Deposti Received | 233045.00 | Office expenses | 15814.00 |
| Diesel Charges Collection | 34078.00 | Saturday programme | 182987.00 |
| TDS collection | 35073.00 | Taxi charges | 359513.00 |
| Electricity charges Refund | 60302.00 | Postage charges | 17142.00 |

| | | | |
|---|---|---|---|
| Mic Operator duty Bata collection | 29500.00 | Telephone charges | 23490.00 |
| Service Tax collection | 181108.00 | Electricity charges | 171862.00 |
| Luxuary Tax collection | 118545.00 | News paper and periodicals | 17080.00 |
| Library Membership | 4870.00 | Water charges | 1799669.00 |
| Cleaning charges collection | 69600.00 | Caution Deposit Refund | 204045.00 |
| Diesel charges advance collectin | 60984.00 | Programme expenses | 5539.00 |
| Miscallaneous Receipts | 13913.00 | TA and sitting fee | 33715.00 |
| Vat collection | 1594.00 | Washing charges | 8599.00 |
| Forest development tax collection | 558.00 | Diesel charges | 24960.00 |
| Donation from Unarvu Members | 44110.00 | Photocopier | 12717.00 |
| Aminity charges | 14900.00 | Repairs and maintenance | 148699.00 |
| Mudra 2016 Advance refund | 25000.00 | Mobile phone charges | 18790.00 |
| Script writing study camp 2016 advance refund | 38684.00 | Kavya sayannam expenses | 48173.00 |
| Registration fee for Mambazhakalam 2016 at Oachira | 12000.00 | Kathavela expenses | 57969.00 |
| Thalamahotsavam -2016 Advance Refund | 40351.00 | Service tax remittance | 173301.00 |
| Kathavela 2016 at MalappuramAdvance refund | 20000.00 | Luxuary tax remittance | 113108.00 |
| Water charges refund | 75977.00 | Diesel charge advance refund | 47053.00 |
| Registration fee for Nadakakkalari | 6200.00 | Mambazhakkalam 2016 at Kohikkode | 88110.00 |

| | | | |
|---|---|---|---|
| Grant in aid | 6500000.00 | Unarvu programme | 108575.00 |
| Talamahotsavam 2016-Advance refund | 40351.00 | Kathavela 2016 payable at Malappuram | 33990.00 |
| Employees welfare Fund | 13415.00 | Still photo charges | 21752.00 |
| Funds from Norka | 61000.00 | Duty allowance | 53230.00 |
| Kathavela 2016 Kasargode Advance refund | 5021.00 | Thalamahotsavam 2016 | 31470.00 |
| EMD Received | 300.00 | Akshara slogasadassu | 69592.00 |
| Royality received | 11.00 | Swathy Swararaga mahotsavam 2016 | 15000.00 |
| Salary Deduction | | Mudra 2016 | 25000.00 |
| Salary deduction of SLI | 42600.00 | Rabeendra sangeetholsavam | 21500.00 |
| Salary deduction of GIS | 15800.00 | Mambazhakkalam 2016 at Thiruvananthapuram | 450151.00 |
| Salary deduction of GPF &Advance | 29440.00 | Mambazhakkalam 2016 at Kannur | 106309.00 |
| Professinal tax collectin | 29730.00 | Kathavela 2016 at Trissur | 26084.00 |
| Onam Advance Collection from Staffs | 75000.00 | Kathavela at Kasargode | 840.00 |
| | | Garden Maintenance | 131701.00 |
| | | Mambazhakkalam 2016 at Ochira | 148805.00 |
| | | Generator battery | 9000.00 |
| | | Electrification | 17891.00 |
| | | Chilanka 2015 | 24507.00 |
| | | EMD refund | 1250.00 |
| | | Cabin partion work | 27200.00 |

| | | | |
|---|---|---|---|
| | | Mudra 2014 payable | 45915.00 |
| | | Kathavela 2016 at Waynad | 19625.00 |
| | | Rabeendra Sangeetholsavam 2015 payable | 10885.00 |
| | | Sopana sangeetholsavam 2015 payable | 8264.00 |
| | | Nadakakkalari 2014 payable | 27150.00 |
| | | Nadakakkalari 2015 payable | 18240.00 |
| | | Mamabazhakkalam 2014 payable | 4386.00 |
| | | Mamabzakkalam 2015 payable | 10175.00 |
| | | Deshabhakthiganam 2015 payable | 1368.00 |
| | | Nammukku Jathiyilla Programme | 186577.00 |
| | | Library books | 700.00 |
| | | Nadakakkalari 2016 | 313273.00 |
| | | Kathavela 2016 at Aluwa | 25910.00 |
| | | Samskriti Programme | 202706.00 |
| | | Mobile phone handset | 14999.00 |
| | | DVD player | 2900.00 |
| | | Norka cultural Programme | 49480.00 |
| | | Water pump | 19800.00 |
| | | Audit fee | 15475.00 |

| | | | |
|---|---|---|---|
| | | Chilanka 2017 | 358873.00 |
| | | Bed sheet for dormitory | 13600.00 |
| | | TDS Remittance | 28059.00 |
| | | Thalam 2017 advance | 200000.00 |
| | | Thalam 2017 | 300000.00 |
| | | TA Advance | 2000.00 |
| | | Bank charges | 1890.00 |
| | | Salary deduction | |
| | | Salary deduction of SLI remittance | 42600.00 |
| | | Salary deduction GIS remittance | 15800.00 |
| | | Salary deduction of GPF &Advance | 29440.00 |
| | | Professional Tax remittance | 29730.00 |
| | | Salary deduction of LIC | 1040.00 |
| | | Onam advance collection from staffs | 75000.00 |
| | | Cash in hand<br>Cash at treasury<br>Cash at Bank 1<br>Cash at Bank 2<br>suspense Amount | 29783.00<br>967686.00<br>935183.00<br>3741.90<br>10326.00 |
| Total | 11151596.40 | Total | 11151596.40 |

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.